# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3688

15.05.2017-ൽ മറുപടിക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | രജിസ്ട്രേഷൻ വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നു. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകി വരുന്ന വിവിധ സേവനങ്ങൾക്കായി, അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുവാനും, ഫീസുകൾ ഇ-പേയ്മെന്റ് സംവിധാനം വഴി അടയ്ക്കുവാനും സർട്ടിഫിക്കറ്റുകൾ ഡിജിറ്റൽ ഒപ്പോടുകൂടി ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധ്യമാകുന്നതാണ്. അതിനാൽ അപേക്ഷകർക്ക് നേരിട്ട് ഓഫീസിൽ ഹാജരാകാതെ ഇടനിലക്കാരുടെ സഹായമില്ലാതെ തന്നെ സേവനം ലഭിക്കുന്നതാണ്. ഇടനിലക്കാരെ ഒഴിവാക്കി സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് വകുപ്പിൽ നിന്ന് നൽകിവരുന്ന ഓൺലൈൻ സേവനങ്ങൾ സംബന്ധമായ അന്വേഷണങ്ങൾക്കു മറുപടി നൽകുന്നതിനും പരാതികൾ പരിഹരിക്കുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക് സംവിധാനവും വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്.<br>വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്ന സബ് രജിസ്ട്രാർ തല അവലോകന യോഗങ്ങൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ / ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാർ എന്നിവരുടെ |

മേൽനോട്ടത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. വകുപ്പുമായി ബന്ധപ്പെട്ട പരാതികളിൽ അന്വേഷണങ്ങൾക്കായി ഈ ആഫീസിലെ ജോയിന്റ് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ വകുപ്പിലെ വിജിലൻസ് ഹെഡ് & സംസ്ഥാന വിജിലൻസ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ മേഖലാ തലത്തിൽ 4 ഡെപ്യൂട്ടി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽമാരെ കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ മേഖലാ വിജിലൻസ് ഓഫീസർമാരായും നിയമിച്ചിട്ടുണ്ട്.

തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽ 2016 മെയ് മാസം മുതൽ ലഭിച്ച വരവ് തുക ട്രഷറിയിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയും 53 ലക്ഷം രൂപയുടെ സാമ്പത്തിക തിരിമറി നടത്തുകയും ചെയ്തുവെന്ന പരാതി പരിശോധിച്ചതിൽ, മെയ് മാസം മുതൽ രജിസ്ട്രാർ ഓഫീസിലെ വരവ് തുക റെമിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി നേരിട്ട് ട്രഷറിയിൽ അടയ്ക്കുന്നതിന് പകരം, ഓഫീസിൽ ചായ കൊണ്ടു വരുന്ന വ്യക്തിയുടെ കയ്യിൽ ഏൽപ്പിക്കുകയും ടിയാൾ ടി തുക ട്രഷറിയിൽ ഒടുക്കാതെ അപഹരിക്കുകയും വ്യാജ രസീതുകൾ ഓഫീസിൽ ഏൽപ്പിക്കുകയും ചെയ്തു എന്ന് കണ്ടെത്തുകയും തുക ട്രഷറിയിൽ അടയ്ക്കുന്നതിന് ചുമതലപ്പെട്ട ഓഫീസ് അറ്റന്റൻമാർ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കാതെ ഗുരുതരമായ വീഴ്ച വരുത്തിയത് മൂലം സർക്കാരിന് 53 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായതായും കണ്ടെത്തി. സബ് രജിസ്ട്രാർ, ഹെഡ് ക്ലാർക്ക് എന്നീ മേലധികാരികളിൽ നിന്നും ഡ്യൂട്ടി നിർവ്വഹിക്കുന്നതിൽ വീഴ്ച ഉണ്ടായി എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന് ഉത്തരവാദികളായ രണ്ട് സബ് രജിസ്ട്രാർമാരെയും ഹെഡ് ക്ലാർക്കിനേയും ഓഫീസ് അറ്റന്റൻമാരേയും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ഓഫീസ് അറ്റന്റൻമാർക്കെതിരെ സാമ്പത്തിക ക്രമക്കേടിന് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. പോലീസ് അന്വേഷണം നടന്നുവരുന്നു.

മലപ്പുറം ജില്ലയിൽ തേഞ്ഞിപ്പാലം സബ് രജിസ്ട്രാർ ഓഫീസിൽ പോലീസ് വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണക്കിൽപ്പെടാത്ത രൂപ പിടിച്ചെടുത്തു. ഇതിന് ഉത്തരവാദിയായ സബ് രജിസ്ട്രാറെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടു ഇതിന്റെ അടിസ്ഥാനത്തിൽ സസ്പെന്റ് ചെയ്ത് അന്വേഷണം നടന്നു വരുന്നു.

പൂവാർ സബ് രജിസ്ട്രാറുടെ ചാർജ്ജ് വഹിക്കുമ്പോൾ സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്ത ആധാരങ്ങളിലൂടെ സർക്കാരിന് 7 കോടിയോളം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടായെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വേണ്ടത്ര അവധാനതയോടെ ഡ്യൂട്ടി നിർവ്വഹിക്കാൻ സാധിക്കാതെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും സർക്കാരിന്റെ 1.75 ഏക്കർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് രജിസ്റ്റർ ചെയ്ത് നൽകുകയും ചെയ്ത ജീവനക്കാരിയെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്ത് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

Rejul
സെക്ഷൻ ഓഫീസർ